# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3621          14.03.2017-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് ആയുർവേദ കോളേജുകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
|---|---|---|---|
| എ) | ഗവൺമെന്റ് ആയുർവേദ കോളേജിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്ഥലം മാറ്റത്തിന് നിലവിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ടോ; | എ) | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും സ്ഥലംമാറ്റം കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് നടത്തുന്നത്. |
| ബി) | എങ്കിൽ ഒരു കോളേജിൽ തുടർച്ചയായി എത്ര വർഷം സേവനം അനുഷ്ഠിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | ബി) | നിലവിലെ മാനദണ്ഡം അനുസരിച്ച് മൂന്നു വർഷം തുടർച്ചയായി സേവനം അനുഷ്ഠിക്കേണ്ടതാണ്. |
| സി) | ചില അദ്ധ്യാപകരെ മാറിമാറി നിയമിക്കുന്നതും മറ്റു ചിലരെ അവിടെത്തന്നെ നിലനിർത്തുകയും ചെയ്യുന്നത് പരിഹരിക്കുന്നതിന് വ്യക്തമായ മാനദണ്ഡം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | സി) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലം മാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് സ.ഉ(പി) 3/2017/ഉ.ഭ.പ.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |
| ഡി) | പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ എത്ര ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശം നൽകുമോ? | ഡി) | ഒരാൾ ജോലി ചെയ്യുന്നുണ്ട്. പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽനിന്നും അദ്ധ്യാപക തസ്തികയിൽ വർക്കിംഗ് അറേഞ്ച്മെന്റിൽ ഡോ.ഷാഹിനാമോൾ തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിൽ ജോലി നോക്കിയിരുന്നു. എന്നാൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ റദ്ദാക്കി ഉത്തരവായിരുന്നു. |

| | | | |
|---|---|---|---|
| | | | വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ റദ്ദാക്കി ഉത്തരവായിരുന്നു. ഡോ.ഷാഹിനാമോൾ ഇതിനെതിരെ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ആഴ്ചയിൽ 3 ദിവസം തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിലും ബാക്കി 3 ദിവസം കണ്ണൂർ ഗവൺമെന്റ് ആയുർവേദ കോളേജിലും ജോലി ചെയ്തുവരുന്നു. പരിയാരം ഗവൺമെന്റ് ആയുർവേദ കോളേജിൽനിന്നും മറ്റാരും തന്നെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മറ്റു ആയുർവേദ കോളേജുകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ